

TUESDAY 25-10-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/10/2022.

1. കൃഷിവകുപ്പ്മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടി നാളെ മുതൽ 29 വരെ തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ഇന്ന് എക്സിബിഷൻ ആരംഭിക്കും. 26 ന് ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരുമായി മന്ത്രി കൂടിക്കാഴ്ച നടത്തും. ഒക്ടോബർ 28 ന് ഉദ്യോഗസ്ഥർക്ക് ഒപ്പം കൃഷിയിടങ്ങൾ സന്ദർശിക്കും. കൃഷിമന്ത്രി പങ്കെടുക്കുന്ന ഭവനകൂട്ടായ്മ, കർഷക അദാലത്ത്, കൃഷികൂട്ടസംഗമം എന്നിവ തുടർന്ന് നടത്തപ്പെടുന്നു.

2. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ **0479 2959268, 2449268, 9447790258** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പറും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ് .

3. തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലേക്ക് ഗുണമേന്മയുള്ള ഗോൾഡൻ യെല്ലോ നിറത്തോടു കൂടിയതും സ്വീറ്റ് സ്മെൽ ഉള്ളതും പൂപ്പൽ രഹിതമായതും രണ്ട് മാസക്കാലത്തോളം നിശ്ചിത ഗുണമേന്മ പാലിച്ച് ഉപയോഗിക്കാൻ കഴിയുന്നതുമായ മെയ്സ് സൈലേജ് ലഭ്യമാക്കുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 15 2 മണി. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇന്റേൺഷിപ്പിന് ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, അല്ലെങ്കിൽ വിഎച്ച്എസ്ഇ അഗ്രി, അല്ലെങ്കിൽ ഓർഗാനിക് ഫാമിങ് അഗ്രികൾച്ചർ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രവർത്തന കാലയളവ് 2022 നവംബർ മുതൽ 2023 മാർച്ച് മാസം 31 വരെ. യോഗ്യരായ ഉദ്യോഗാർത്ഥികൾ അപേക്ഷയും വിശദമായ

ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ മാസം 27ന് (ഒക്ടോബർ 27) രാവിലെ 10 മണിക്ക് നെടുമങ്ങാട് വേങ്കവിള ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0472 2802011, 9383470149** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും മരങ്ങളുടെ ശിഖരങ്ങളും ഈ മാസം 26-ന് പകൽ 11 മണിക്ക് ലേലം ചെയ്യുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 26-ന് രാവിലെ 10.30-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതും അഞ്ഞൂറ് രൂപ നിരത ദ്രവ്യം കെട്ടി വെക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2530035, 9383470298** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ കഞ്ഞിക്കുഴി ബ്ളോക്ക് പരിധിയിൽ ചേർത്തല തെക്ക് പഞ്ചായത്ത് കേന്ദ്രീകരിച്ച് കൃഷിശ്രീ സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി സേവനദാതാക്കളെയും ഫെസിലിറ്റേറ്ററെയും നിയമിക്കുന്നു. താല്പര്യമുള്ളവർ ഈ മാസം 26 ന് ആധാർകാർഡ് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം ചേർത്തല തെക്ക് കൃഷിഭവനിൽ ഹാജരായി ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ് എന്ന് ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു

## പരിശീലന പരിപാടികൾ

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ ഒക്ടോബർ 26 ,27, 28, 29 തീയതികളിലായി **മട്ടുപ്പാവ് കൃഷി, വീട്ടു മുറ്റത്തെ കൃഷി, ജൈവ കീടനാശിനികൾ, പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യ വർദ്ധനവ്, വിവിധ തരം കംപോസ്റ്റുകൾ, ഹൈടെക് കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് പരിശീലന ഫീസ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായോ tssvellayani@kau.in എന്ന ഇമെയിലിലേക്ക് അയക്കുകയോ, നേരിട്ട് കാർഷിക കോളേജ് വെള്ളായണിയിലെ സോഷ്യൽ സയൻസ്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബ്ലോക്കിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവ്വീസ് സ്കീമിന്റെ ഓഫീസിലെത്തി ഈ മാസം 25-ന് (25/10/2022) ന് 3 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് സിവിൽ/ഇലക്ട്രിക്കൽ വിഷയങ്ങളിൽ എഞ്ചിനീയറിങ് ബിരുദം ഉണ്ടായിരിക്കണം. 2022 ജനുവരി 01-ന് 25 വയസ്സ് പൂർത്തിയാകാത്തവർ 2022 നവംബർ 01-ന് രാവിലെ 9 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ **0481 2353311** (എക്സ്റ്റൻഷൻ236) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം